**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 599** | **24-08-2022 - ൽ മറുപടിയ്ക്ക്**

**ജിയോ കോർപ്പറേഷന്റെ ഹബ്ബാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജിയോ കോർപ്പറേഷന്റെ ഹബ്ബാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കയർ ഭൂവസ്ത്രത്തിന്റെ (കയർ ജിയോ-ടെക്സ്റ്റൈൽസ്) ഉപയോഗം വ്യാപിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണയിൽ ഏർപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നടപ്പാക്കുന്ന വിവിധ പ്രവർത്തികളിലൂടെ മണ്ണ്-ജല സംരക്ഷണത്തിനും, നീർത്തട പരിപാലനത്തിനും, റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു. വിവിധ ജില്ലകളിലെ സോയിൽ കൺസർവേഷൻ ഓഫീസുകളുമായി ചേർന്ന് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും കെ.എസ്.ഇ.ബി, കേരളത്തിലെ വിവിധ സർവ്വകലാശാലകൾ എന്നിവയുമായി ചേർന്ന് കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു. ഇന്ത്യയുടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കയർ ഭൂവസ്ത്ര പദ്ധതി വ്യാപകമാക്കുന്നതിനായി ഒരു മാർക്കറ്റിംഗ് ക്യാമ്പയിൻ സംഘടിപ്പിക്കുകയും, 2021-2022 വർഷത്തിൽ പഞ്ചായത്ത് തലത്തിൽ കയർ ഭൂവസ്ത്രത്തിന്റെ വിതരണത്തിൽ വളർച്ച കൈവരിക്കാൻ സാധിക്കുകയും ചെയ്തു. |
| (ബി) | ജിയോ ടെക്സ്റ്റയിൽസിന് ഉത്തരേന്ത്യയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും വിദേശത്തും മാർക്കറ്റ് കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | ജിയോ ടെക്സ്റ്റയിൽസിന് ഉത്തരേന്ത്യയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും വിദേശത്തും മാർക്കറ്റ് കണ്ടെത്തുന്നതിന്റെ ഭാഗമായിട്ടുള്ള പ്രോജക്ട് നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കയർ ഭൂവസ്ത്ര പദ്ധതി വടക്ക-കിഴക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിന് ടി സംസ്ഥാനങ്ങളിലെ |

| | | | |
|---|---|---|---|
| | | | റസിഡന്റ് കമ്മീഷണറുമാരുമായി ഡൽഹിയിൽ വച്ച് പ്രാഥമിക ചർച്ചകൾ നടത്തുകയുണ്ടായി. വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ ഭൂപ്രകൃതിക്ക് അനുസൃതമായി കയർ ജിയോ-ടെക്സ്റ്റയിൽസ് ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച്, ആയതിന്റെ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി ഡൽഹിയിലുള്ള വടക്കു-കിഴക്കൻ സംസ്ഥാനങ്ങളുടെ റസിഡന്റ് കമ്മീഷണർമാരുമായി ചർച്ചകൾ നടത്തിയതിനെ തുടർന്ന്, തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ മറ്റു ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും കയർ ജിയോ-ടെക്സ്റ്റയിൽസ് വിപണനം നടത്തുന്നതിന് അതാത് സംസ്ഥാനങ്ങളിലെ സർക്കാർ ഏജൻസികളുമായും ചർച്ചകൾ നടന്നു വരുന്നു. കയർ ജിയോ-ടെക്സ്റ്റയിൽസിന് മാർക്കറ്റ് കണ്ടെത്തുന്നതിന് ഇന്ത്യയിലെമ്പാടും മാർക്കറ്റിംഗ് ഏജന്റുമാരെ നിയമിച്ച് വിപണി കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് വഴി കയർ ജിയോ-ടെക്സ്റ്റയിൽസ് കയറ്റുമതി ചെയ്യുന്നുണ്ട്. കയർ ജിയോ-ടെക്സ്റ്റയിൽസിന്റെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി വിവിധ അന്താരാഷ്ട്ര എക്സിബിഷനുകളിൽ നേരിട്ടും ഓൺലൈൻ മുഖേനയും പങ്കെടുത്ത് കയറ്റുമതി ഓർഡറുകൾ ലഭിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചു വരുന്നു. |
| (സി) | കയർ വ്യവസായത്തിന്റെ പാരമ്പര്യത്തിനും ഗുണമേന്മയ്ക്കും ആലപ്പുഴയിൽ നിർമ്മിക്കുന്ന കയർ മ്യൂസിയം എന്തെല്ലാം സംഭാവനകൾ നൽകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ? | (സി) | കയർ വ്യവസായത്തിന്റെ ഈറ്റില്ലമായ ആലപ്പുഴയിൽ വരാൻ പോകുന്ന ലൈവ് മ്യൂസിയത്തിൽ കയറിന്റെയും കയറുല്പന്നങ്ങളുടെയും ഉത്പ്പാദനം ജനങ്ങൾക്ക് നേരിട്ട് ദർശിക്കാനാകും. പഴയകാലത്തെ വിവിധതരം കയറിനങ്ങൾ, ഉത്പ്പന്നങ്ങൾ, ഉത്പ്പാദന രീതികൾ, കയർ തൊഴിലാളികളുടെ ജീവിതക്രമം, പഴയതും പുതിയതുമായ കയർ ഉത്പ്പന്ന നിർമ്മാണ സാമഗ്രികൾ എന്നിവയും നേരിട്ട് കണ്ട് മനസ്സിലാക്കാൻ ഉതകും വിധമാണ് പുതിയ കയർ മ്യൂസിയത്തിന്റെ രൂപ കല്പന നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ